രുന്ന കോഴികൾക്ക് നികുതിയുടെ ഇരട്ടി ജാമ്യസംഖ്യ ഈടാക്കിയാണ് സംസ്ഥാനത്തിനകത്ത് കടത്തിവിടുന്നത്. 24 മണിക്കൂറും കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഇന്റലിജൻസ് വിഭാഗം ഇറക്കുമതി ചെയ്യപ്പെടുന്ന കോഴികളെ പരിശോധിച്ച് നികുതി നൽകിയിട്ടില്ലായെങ്കിൽ നികുതി വസൂലാക്കും. കേരളത്തിലെ കോഴിക്കർഷകരെ സഹായിക്കുന്നതിനുവേണ്ടിയാണ് സംസ്ഥാനത്തെ കോഴിക്കർഷകരെ മാത്രം നികുതിയിൽനിന്നും ഒഴിവാക്കിയിരിക്കുന്നത്. കേരളത്തിലെ കോഴിക്കർഷകർ സംസ്ഥാനത്തിനു പുറത്തുനിന്നും കോഴിക്കുഞ്ഞുങ്ങളെക്കൊണ്ടുവന്ന് വളർത്തി വിറ്റാലും അവർ നികുതിയിളവിന് അർഹരാണ്. കേരളത്തിൽ വളർത്തുന്ന കോഴികൾക്ക് ആവശ്യമായ തീറ്റ അന്യസംസ്ഥാനങ്ങളിൽനിന്നും മതിയായ രേഖകളോടെ കൊണ്ടുവന്നാൽ അത് തടയാൻ വിൽപ്പന നികുതി നിയമം അനുവദിക്കുന്നില്ല. കേരളത്തിലെ കോഴിക്കർഷകരെ സഹായിക്കാൻ കഴിയുന്ന എല്ലാ നടപടികളും സർക്കാർ ചെയ്യുന്നതാണ്. സംസ്ഥാനത്തിനു പുറത്തുനിന്ന് കൊണ്ടുവരുന്ന കോഴികൾ രോഗഗ്രസ്ഥമാണെങ്കിൽ അവയെ നിരോധിക്കാവുന്നതാണ്. എന്നാൽ ഇത് വിൽപ്പനനികുതി നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യമല്ല. ഏതായാലും നികുതിവെട്ടിപ്പ് നടത്തി കോഴികളെ ഇങ്ങോട്ട് കൊണ്ടുവരുന്നത് നിയമവിരുദ്ധമാണ്. ആ നിയമവിരുദ്ധമായ പ്രവർത്തനം തടയുന്നതിനും കർശനമായ നടപടിയെടുക്കുന്നതിനും, കോഴിയെ കൊണ്ടുവരുന്ന വാഹനം കണ്ടുകെട്ടുന്നതിനും ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

(10) വർക്കലയിൽ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് വേണമെന്ന ആവശ്യം

ശ്രീ. എ. അലിഹസ്സൻ : സർ, വർക്കലയിൽ ഒരു ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് അനുവദിക്കണമെന്ന അഭ്യർത്ഥനയാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ജനസംഖ്യയിലും വിസ്തൃതിയിലും, തിരുവനന്തപുരം ജില്ലയിൽ ഏറ്റവും വലിയ മണ്ഡലമാണ് വർക്കല. വർക്കല, കല്ലമ്പലം, ഇടവ, കെടാകുളം, പാലച്ചിറ എന്നീ സെക്ഷനുകളിലായി അമ്പതിനായിരത്തിൽപരം വൈദ്യുതി ഉപഭോക്താക്കളുണ്ട്. ഇവയിൽ വർക്കലയും കല്ലമ്പലവും മേജർ സെക്ഷനുകളാണ്. വർക്കല 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. സബ്സ്റ്റേഷനാക്കി ഉയർത്തി അതിന്റെ ജോലി ആരംഭിക്കാൻ പോവുകയാണ്. വർക്കലയിൽ ഒരു ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് ആരംഭിക്കണമെന്നുള്ള ആവശ്യം ഉന്നയിക്കപ്പെട്ടിട്ട് വർഷങ്ങൾ ഏറെയായി. ആര്യനാട് എം.എൽ.എ. ശ്രീ. ജി. കാർത്തികേയൻ വർക്കല സ്വദേശിയാണ്. അദ്ദേഹം ജനിച്ചതും വളർന്നതും പഠിച്ചതും വർക്കലയിലാണ്. അദ്ദേഹത്തെ രണ്ടുമൂന്നുവർഷക്കാലം പഠിപ്പിക്കാൻ എനിക്കു കഴിഞ്ഞു. അതിലെനിക്ക് സന്തോഷമുണ്ട്. അദ്ദേഹം വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന സന്ദർഭത്തിൽ ഇവിടെ ഇലക്ട്രിക്കൽ ഡിവിഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു. പക്ഷേ നടന്നില്ല. വൈദ്യുതി ഉൽപ്പാദനരംഗത്തും വിതരണരംഗത്തും അഭിമാനകരമായ നേട്ടങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ പാലച്ചിറ ഇലക്ട്രിക്കൽ സെക്ഷൻ മേജർ സെക്ഷനാക്കുന്നതോടൊപ്പംതന്നെ വർക്കലയിൽ ഡിവിഷൻ ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഊർജ്ജസ്വലനായ, കർമ്മനിരതനായ വൈദ്യുതി വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, നിലവിലുള്ള ആറ്റിങ്ങൽ ഇലക്ട്രിക്കൽ ഡിവിഷൻ വിഭജിച്ച് വർക്കല

LIBRARY ARCHIVES Kerala Legislative Assembly

യിൽ ഒരു പുതിയ ഇലക്ട്രിക് ഡിവിഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ബോർഡിന്റെ പരിഗണനയിലാണ്. പാലച്ചിറ ഇലക്ട്രിക്കൽ ഡിവിഷൻ മേജർ സെക്ഷനായി ഉയർത്തുന്നതിനുള്ള നിർദ്ദേശവും വെട്ടൂർ കേന്ദ്രമാക്കി ഒരു ഇല ക്ട്രിക്കൽ സെക്ഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശവും ബോർഡിന്റെ പരിഗ ണനയിലാണ്. വർക്കല ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിൽ വർക്കല, പാലച്ചി റ, കല്ലമ്പലം എന്നീ മൂന്ന് മേജർ സെക്ഷനുകളും ഇടവാ, കെടാകുളം, വെട്ടൂർ എന്നീ മൂന്ന് സാറ്റലൈറ്റ് സെക്ഷനുകളും ഉൾപ്പെടുത്തുന്നതിനാണ് ഉദ്ദേശിച്ചി ട്ടുള്ളത്. എന്നാൽ പുതിയ പ്രോഫിറ്റ് സെന്ററുകൾ പൂർണ്ണമായും പ്രവർത്തിച്ചു തുടങ്ങിയശേഷമേ ഈ ഓഫീസുകൾ തുടങ്ങാനുള്ള അനുമതി നൽകുന്ന കാര്യം പരിഗണിക്കാനാവൂ എന്നാണ് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കാ നുള്ളത്

(11) മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുടെ കീഴിൽ ജോലിചെയ്ത ജീവനക്കാരുടെ പ്രശ്നം

ശ്രീ. എം.വി. ഗോവിന്ദൻമാസ്റ്റർ : സർ, മലബാർ മാർക്കറ്റിംഗ് കമ്മിറ്റി യുടെ കീഴിൽ കഴിഞ്ഞ പത്ത് പതിനെട്ടു വർഷമായി ജോലി ചെയ്തുവരുന്ന 63 ജീവനക്കാരുടെ ജീവിതം തൊഴിലില്ലാത്ത ഒരു പ്രത്യേക പരിതഃസ്ഥിതി യിൽ ഗുരുതരമായ അവസ്ഥ നേരിടുകയാണ്. കോഴിക്കോട് ആസ്ഥാനമായി മലബാറിന്റെ വിവിധ മേഖലകളിലായി ജോലിചെയ്തുവരുന്നവരായിരുന്നു ഇവർ. ഏകദേശം 15 കോടി രൂപയുടെ ആസ്തി ഈ സ്ഥാപനത്തിന് കോഴി ക്കോട്, പേരാമ്പ്ര, വടകര, കാസർകോഡ്, കാഞ്ഞങ്ങാട്, ചങ്ങനക്കുളം, വട്ട ങ്ങുളം എന്നീ പ്രദേശങ്ങളിലായിട്ടുണ്ട്. ഈ സ്വത്തെല്ലാം മിക്കവാറും നാഷ ണൽ ഹൈവേയുടെ സമീപ പ്രദേശങ്ങളിലായിട്ടാണ്. നല്ല വിലവരുന്ന സ്വത്തുതന്നെയാണിത്. മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുടെ കീഴിൽ ജോലി ചെയ്തിരുന്നവരുടെ ജോലി നഷ്ടപ്പെടാതെ ഇവർക്ക് തുടർന്നും ജോലി ലഭി ക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണമെന്നാണ് ഗവൺമെന്റിന്റെ ശ്രദ്ധ യിൽപ്പെടുത്താനുള്ളത്.

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, കോഴിക്കോട് ആസ്ഥാനമായി മലബാർ മാർക്കറ്റിംഗ് കമ്മിറ്റി പ്രവർത്തിച്ചിരു ന്നു. അതിന്റെ പ്രവർത്തനങ്ങൾക്കെതിരായി ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ 19.2.1998-നു ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ പ്രവർത്തനം ഭരണഘടനാവിരുദ്ധവും പ്രാബല്യത്തിൽ ഇല്ലാത്തതുമാണെന്ന് വിധിച്ചു. കോടതിവിധിയുടെ അടിസ്ഥാനത്തിൽ കമ്മിറ്റിയുടെ പ്രവർത്തന ങ്ങൾ നിലച്ചിരിക്കുകയാണ്. അതിനുശേഷം 23.4.1998-ന് ഒരു ഉന്നതതല യോഗം ചേരുകയുണ്ടായി. കോടതിവിധിയുടെ അടിസ്ഥാനത്തിൽ ആവശ്യ മായ നടപടികൾ സ്വീകരിക്കുവാൻ കോഴിക്കോട് ജില്ലാ കളക്ടറെ ചുമതലപ്പെ ടുത്തുകയും ചെയ്തു. കമ്മിറ്റിയിൽ ജോലിചെയ്തിരുന്ന ജീവനക്കാരുടെ ആസ്തികൾ വെയർ ഹൗസിംഗ് കോർപ്പറേഷനെ ഏൽപ്പിക്കുവാനാണ് ഉന്നത തല സമിതി തീരുമാനിച്ചിട്ടുള്ളത്. ജീവനക്കാർക്ക് ശമ്പളം നൽകാൻ ആവശ്യ മായിട്ടുള്ള തുക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുകയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് അവർക്കുള്ള ശമ്പളം കൊടു ക്കും. തുടർന്ന് കമ്മിറ്റിയുടെ ആസ്തിബാദ്ധ്യത വെയർഹൗസിംഗ് കോർപ്പറേ ഷൻ ഏറ്റെടുക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly